● നീര ഉൽപ്പാദനം

# കള്ളുചെത്ത് തൊഴിലാളികൾ സെക്രട്ടറിയറ്റ് ധർണ നടത്തും

തിരു: നീര ഉൽപ്പാദനത്തിന് അനുവാദം നൽകുന്നതിനുള്ള നീക്കത്തിൽനിന്ന് സർക്കാർ പിന്മാറണമെന്നാവശ്യപ്പെട്ട് കേരള സംസ്ഥാന കള്ളുചെത്തു വ്യവസായ തൊഴിലാളി ഫെഡറേഷന്റെ (സിഐടിയു) നേതൃത്വത്തിൽ തൊഴിലാളികൾ സെക്രട്ടറിയറ്റ് ധർണ നടത്തും. ഏപ്രിൽ പത്തിന് രാവിലെ 10.30ന് പ്രതിപക്ഷ ഉപനേതാവ് കോടിയേരി ബാലകൃഷ്ണൻ ധർണ ഉദ്ഘാടനം ചെയ്യും.

കള്ളുചെത്തു വ്യവസായവുമായി ബന്ധമില്ലാതെ നീര ഉൽപ്പാദനത്തിന് അനുവാദം നൽകിയാൽ അതിന്റെ മറവിൽ ലഹരിക്കള്ള് ഉൽപ്പാദനമാകും നടക്കുകയെന്ന് മലബാർ മേഖലയിലെ അനുഭവം തെളിയിക്കുന്നതായി ഫെഡറേഷൻ ചൂണ്ടിക്കാട്ടുന്നു. അതിനാൽ നീര ഉൽപ്പാദനത്തിന് അനുവാദം നൽകിയാൽ കള്ളുചെത്തു വ്യവസായത്തിന്റെ സംഘടിതസ്വഭാവം തകരാനും സമൂഹത്തിൽ അരാജകത്വത്തിനും ഇടയാകും. കേരകർഷകരുടെ താൽപ്പര്യത്തിന്റെ പേരിലെന്നു പറഞ്ഞ് നടപ്പാക്കാൻ പോകുന്നത് ലഹരിക്കള്ള് ഉൽപ്പാദിപ്പിച്ച് വിൽക്കുന്നതിനുള്ള അനുവാദമായി മാറും. ഇത് പരമ്പരാഗതമായ കള്ളുചെത്തു വ്യവസായം തകർക്കുന്നതിനും വലിയ വിഭാഗം തൊഴിലാളികളെ തൊഴിൽരഹിതരാക്കുന്നതിനും ഇടയാക്കും.

അതിനാൽ വ്യവസായവും തൊഴിലും സംരക്ഷിക്കുന്നതിനുവേണ്ടിയുള്ള ഈ സമരത്തിൽ സംഘടനാഭേദമെന്യേ എല്ലാ തൊഴിലാളികളും പങ്കെടുക്കണമെന്ന് കേരള സംസ്ഥാന കള്ളുചെത്തു വ്യവസായ തൊഴിലാളി ഫെഡറേഷൻ പ്രസിഡന്റ് കെ എം സുധാകരനും ആക്ടിങ് ജനറൽ സെക്രട്ടറി എം സുരേന്ദ്രനും അഭ്യർഥിച്ചു.